സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO:8763/2016/NS-2

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
25/01/2021

## സർക്കുലർ

**വിഷയം:-** **2021-2022** സാമ്പത്തിക വർഷത്തെ പൂജാ ദ്രവ്യങ്ങൾ ഉൾപ്പെടെയുള്ളവയുടെ ലേലം സംബന്ധിച്ച്.

**സൂചന:-** **22.01.2021**-ലെ **ROC 459/21/NS** നമ്പർ ബോർഡ് ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ വരുന്ന ദേവസ്വങ്ങളിൽ **2021-2022** സാമ്പത്തിക വർഷത്തിലെ പൂജാ ദ്രവ്യങ്ങൾ ഉൾപ്പെടെയുള്ളവയുടെ കുത്തക ലേലങ്ങൾ ഇ-ടെന്റർ/ഓപ്പൺ ലേലം മുഖാന്തിരം ക്ഷണിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

**2021-2022** സാമ്പത്തിക വർഷത്തെ സഞ്ചായ കുത്തക ലേലം നടത്തുന്നതിലേയ്ക്കായി **2017-2018, 2018-2019, 2019-2020** എന്നീ മൂന്ന് **വർഷങ്ങളിലെ ലേല തുകയുടെ ശരാശരി തുകയിൽ 10%** വർദ്ധനവ് വരുത്തി അടിസ്ഥാന ലേല തുക നിശ്ചയിച്ച് ലേലം നടത്തേണ്ടതാണ്.

രണ്ട് ലക്ഷത്തിന് മുകളിൽ അടിസ്ഥാന ലേല തുകയുള്ള എല്ലാ ലേലങ്ങളും ഇ-ടെന്റർ മുഖേന അതത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടെ ചുമതലയിൽ നടത്തുന്നതിനും, രണ്ട് ലക്ഷം രൂപയിൽ കുറവുള്ള ലേലങ്ങൾ അതത് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ ചുമതലയിൽ ഓപ്പൺ ലേലവും നടത്തേണ്ടതാണ്.

ഇ-ടെന്റർ മുഖാന്തിരം ക്ഷണിക്കുന്ന ലേലങ്ങളിൽ ആളേർപ്പെടാത്ത ഇനങ്ങളിൽ ഓപ്പൺ ലേലം നടത്തേണ്ടതാണ്.

എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരും ഡിജിറ്റൽ സിഗ്നേച്ചർ എടുത്തിരിക്കേണ്ടതും രണ്ട് ലക്ഷത്തിന് മുകളിലുള്ള എല്ലാ ലേലങ്ങളുടെയും വിശദമായ സ്റ്റേറ്റ്മെന്റ് (വേർഡ് ഫയൽ സഹിതം) **01/02/2021**-ന് മുമ്പായി ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്. ഓരോ ഗ്രൂപ്പിലേയും ലേല തീയതി തയ്യാറാക്കി ദേവസ്വം ബോർഡ് ആഫീസിലെ ഇ.ഡി.പി

സെക്ഷനിലും ഈ ആഫീസിലും, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസിലും അറിയിക്കേണ്ടതാണ്.

ഗ്രൂപ്പിലെ എല്ലാ ആദ്യ ഓപ്പൺ ലേലങ്ങൾ ഫെബ്രുവരിയിൽ തീരുന്ന രീതിയിൽ ക്രമീകരിക്കുന്നതിനും ലേലം നടക്കാത്ത ഇനങ്ങൾ മൂന്ന് തവണ ലേലം നടത്തുന്നതിനും, ലേലം നടക്കാത്ത പക്ഷം ആയത് മാർച്ച് **16**-ന് മുമ്പ് സ്റ്റേറ്റ്മെന്റ് രൂപത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും കുത്തക ലേലങ്ങളുടെ വിവരങ്ങൾ സ്റ്റേറ്റ്മെന്റ് മാതൃകയിൽ മാത്രം അയയ്ക്കേണ്ടതാണ്.

**ദേവസ്വം കമ്മീഷണർ**

**പകർപ്പ്-**

1. **സെക്രട്ടറി,തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)**
2. **എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും**
3. **എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും**
4. **ഇ.ഡി.പി സെക്ഷൻ ദേവസ്വം ബോർഡ് ആഫീസ്**
5. **സെക്ഷൻ ഫയൽ**
6. **ഫെയർ ഓഫീസ് കോപ്പി**

**RA**